## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.58 03.03.2020-ൽ മറുപടിക്ക്**

**ചെക്ക് പോസ്റ്റുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.വിൻസെന്റ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഷാഫി പറമ്പിൽ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി പിരിവ് കുറയുന്നത് ചെക്ക് പോസ്റ്റുകൾ ഇല്ലാത്തത് മൂലമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | കേരളം ഒരു ഉപഭോക്തൃസംസ്ഥാനം ആയതിനാൽ മറ്റ സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിൽ വിപണനത്തിനായി ചരക്കുകൾ കൊണ്ടുവരുന്നത്. ചരക്കുസേവന നികുതി നിയമം നടപ്പിലാകുന്നതിനു മുൻപ് അതിർത്തി കടന്ന് വരുന്ന ചരക്കുകളുടെ വിവരങ്ങൾ ഇ-ഡിക്ലറേഷൻ സംവിധാനം വഴി അറിയിച്ച് ആയത് ചെക്ക്പോസ്റ്റിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി നികുതി ചോർച്ച തടഞ്ഞുവന്നിരുന്നു. എന്നാൽ ചരക്കുസേവന നികുതി നിയമം നിലവിൽ വന്നത് മുതൽ സംസ്ഥാനത്തുടനീളം കേരള പൊതു വിൽപന നികുതി/ വാണിജ്യ നികുതി നിയമപ്രകാരം നിലവിലുണ്ടായിരുന്ന ചെക്ക്പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. തന്മൂലം അതിർത്തി കടന്നുവരുന്ന എല്ലാ ചരക്ക വാഹനങ്ങൾക്കും പരിശോധന കൂടാതെ തന്നെ കേരളത്തിലേയ്ക്ക് ചരക്കുകൾ കൊണ്ടുവരാമെന്നായി. ഇത് നികുതിചോർച്ചയ്ക്ക് ഒരു കാരണമായി. ഇ-വേ ബിൽ സംവിധാനം നടപ്പിലാക്കുവാനുള്ള കാലതാമസവും 50,000 രൂപയ്ക്കുമേൽ മൂല്യമുള്ള ചരക്കുകൾക്ക് മാത്രമായി ഇ-വേ ബിൽ നിഷ്കർഷിച്ചതും നികുതി വെട്ടിപ്പിന് അനുകൂല സാഹചര്യമൊരുക്കി. എന്നാൽ നിലവിലുണ്ടായിരുന്ന സ്ക്വാഡുകളുടെ എണ്ണം കൂട്ടി അതിർത്തി പ്രദേശങ്ങളിലുൾപ്പെടെ 24 മണിക്കൂറും പ്രവർത്തന സജ്ജമായ സ്ക്വാഡുകൾ വിന്യസിപ്പിച്ച് ഇത് ഒരു പരിധി വരെ തടയുവാൻ സാധിച്ച. ഇപ്പോൾ |

| | | | |
|---|---|---|---|
| | | | ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (ANPR) വഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്ക്പോസ്റ്റിൽ പരിശോധിച്ച് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 23 ചെക്ക്പോസ്റ്റുകളിൽ കൂടി ഈ സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു. ഇപ്രകാരമുള്ള നടപടികളിലൂടെ നികുതി ചോർച്ച തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പു തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നികുതി വെട്ടിപ്പ് തടയുന്നതിന് നേരത്തെ വാണിജ്യ നികുതി വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ ഉണ്ടായിരുന്ന സ്ഥലത്ത് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിരുന്നോ; | (ബി) | ഇല്ല. വാറ്റ് നിയമം ഉണ്ടായിരുന്ന കാലയളവിൽ 84 ചെക്ക് പോസ്റ്റുകൾ ഉണ്ടായിരുന്നു. ഇ-വേ ബിൽ പരിശോധിക്കുന്നതിനായി പ്രധാനപ്പെട്ട 23 സ്ഥലങ്ങളിൽ ANPR സിസ്റ്റം സ്ഥാപിക്കുന്നതിന് 19.07.2019 ലെ സ.ഉ.(സാധാ) നം.518/2019/നികുതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഏതൊക്കെ ചെക്ക് പോസ്റ്റുകളിലാണ് നിരീക്ഷണ ക്യാമറ സ്ഥാപിക്കുകയെന്നും അതിനായി എന്ത് ചെലവ് വരുമെന്നും വ്യക്തമാക്കുമോ; | (സി) യും (ഡി) യും | 1. അമരവിള<br>2. ഉച്ചക്കട<br>3. പാലക്കടവ്<br>4. പിരായുംമൂട്<br>5. കള്ളിക്കാട്<br>6.ആര്യങ്കാവ്<br>7.കുമളി<br>8.ഗോവിന്ദപുരം<br>9.ഗോപാലപുരം<br>10.വാളയാർ<br>11.വേലന്താവളം<br>12.മീനാക്ഷിപുരം<br>13.നടുപ്പുണ്ണി<br>14.ഒഴലപ്പതി<br>15.വഴിക്കടവ്<br>16.കഞ്ഞിപ്പള്ളി<br>17.ന്യൂമാഹി<br>18.കൂട്ടുപ്പുഴ<br>19.മഞ്ചേശ്വരം<br>20.പെർല<br>21.ആദൂർ<br>22.മുത്തങ്ങ<br>23.തോൽപ്പെട്ടി |
| (ഡി) | ക്യാമറ സ്ഥാപിക്കുവാനുള്ള ചുമതല ഏത് ഏജൻസിക്കാണ് നൽകിയതെന്ന് അറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. അതിൻപ്രകാരം ടെന്റർ നടപടിക്രമങ്ങൾ പൂർത്തിയായി കരാർ ഊരാളുങ്കൽ ടെക്നോളജി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിക്ക് 8.09 കോടി + GST തുകയ്ക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.